# നുഖ്ബത്തുൽ ഫിക്ർ (ചിന്തകളുടെ സാരാംശം)

ഹദീസ് വിജ്ഞാനീയത്തിൽ (ഉലൂമുൽ ഹദീസ്) ഇബ്നു ഹജറുൽഅസ്ഖലാനി (ഹി. 852/1449) രചിച്ച ഗ്രന്ഥമാണ് നുഖ്സത്തുൽ ഫിക്ർ. ഈ ഗ്രന്ഥം അസ്ഖലാനിയുടെ സ്വതന്ത്ര രചനയല്ല. തഖിയ്യുദ്ദീൻ ഇബ്നു സ്സ്വലാഹ് അൽ ശഹർ സൂരിയുടെ (ഹിജ്റ: 577–643) *മുഖദ്ദിമതു ഇബ്നിസ്സ്വലാഹ്* എന്ന ഗ്രന്ഥത്തിന്റെ പുനഃക്രമീകരണവും സംക്ഷിപ്തവുമാണ്. ചില കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ട്.

വ്യാജ ഹദീസുകളെ തിരിച്ചറിയാൻ ഹിജ്റ ഒന്നാം നൂറ്റാണ്ടിൽതന്നെ ചില മാനദണ്ഡങ്ങൾ പണ്ഡിതന്മാർ വികസിപ്പിച്ചെടുക്കുകയുണ്ടായി. ഈ വിഷയത്തിൽ രചിക്കപ്പെട്ട ആദ്യഗ്രന്ഥം ഖാദി അബൂ മുഹമ്മദ് അൽറാമ ഹുർമുസിയുടെ *അൽ ഫാസ്വിലു ബൈന റാവീ വൽവാഈ* എന്നതാണ്. പക്ഷേ, ഇത് പൂർണമായിരുന്നില്ല. പിന്നീട് വന്ന ഖത്വീബ് അബൂബക്കർ അൽ ബഗ്ദാദിയുടെ *അൽ കിഫായ* എന്ന ഗ്രന്ഥം കൂടുതൽ പ്രചാരം നേടുകയുണ്ടായി. ശേഷം വന്ന സ്വലാഹുദ്ദീൻ രചിച്ച *മുഖദ്ദിമ* എന്ന ഗ്രന്ഥമാണ് വ്യാപകമായി അംഗീകാരം നേടിയത്. ഇതാണ് അസ്ഖലാനി പുനഃക്രമീകരിച്ച് *നുഖ്ബതുൽ ഫിക്ർ* എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. ചില സുഹൃത്തുക്കളുടെ നിരന്തരമായ അഭ്യർഥന മാനിച്ചാണ് ഇതെന്ന് ഗ്രന്ഥകാരൻ ആമുഖത്തിൽ പറയുന്നുണ്ട്. നുഖ്ബത്തിന്റെ *നുസ്ഹത്തുന്നള്ർ* (നയനാനന്ദം) എന്ന വ്യാഖ്യാനവും ഗ്രന്ഥകാരൻ തന്നെ രചിച്ചതാണ്. ഈ കൃതി പാഠപുസ്തകമായി ഉപയോഗിക്കാറുണ്ട്.